III. ശ്രദ്ധക്ഷണിക്കൽ

(1) കെട്ടിട നിർമ്മാണ ചട്ടം നടപ്പാക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ മുനിസിപ്പാലിറ്റികളിലും ചില പഞ്ചായത്തുകളിലും മാത്രം പ്രാബല്യത്തിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1994-ലെ പഞ്ചായത്ത് രാജ് - നഗരപാലിക നിയമങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കാൻ പോവുകയാണ്. പുതിയ ചട്ടങ്ങളുണ്ടാക്കുന്നതിൽ വന്ന കാലതാമസമാണ് ഇത്രയുംകാലം അത് നടപ്പാക്കാൻ കഴിയാതെ പോകാൻ കാരണം. ഇപ്പോൾത്തന്നെ പ്രസിദ്ധീകരിക്കപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങളും പരാതികളും ഉയർന്നുവന്നിട്ടുണ്ട്. സർക്കാരിനുള്ള അപ്പീൽ അധികാരം ഒഴിവാക്കിയതു സംബന്ധിച്ചും പരാതികളും വിമർശനങ്ങളും ഉയർന്നിട്ടുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല; ഓർഡിനൻസിനു പകരമായി കഴിഞ്ഞ ദിവസം സഭയിൽ അവതരിപ്പിക്കപ്പെടുകയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കപ്പെടുകയും ചെയ്ത പഞ്ചായതത്ത്രാജ് ഭേദഗതി ബില്ലിൽ 235 'എ' മുതൽ 'ഇസഡ്' വരെയുള്ള കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വകുപ്പുകൾ 2000 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഈ വകുപ്പുകൾക്കു വിരുദ്ധമായുള്ള അനധികൃത നിർമ്മാണം 235 (എ,ബി) വകുപ്പു പ്രകാരം ക്രമവൽക്കരിക്കുന്നതിന് നേരത്തേ 1998 ഡിസംബർ 31 വരെ കാലാവധി നൽകിയിരുന്നത് 1999 ഒക്ടോബർ മാസം 15-ാം തീയതിവരെ നീട്ടിയിട്ടുണ്ട്. അതുപോലെ ഭേദഗതി ബില്ലിലെ മറ്റൊരു നിർദ്ദേശം 220 (ബി) സംബന്ധിച്ചുള്ളതാണ്. നിലവിലുള്ള കെട്ടിടത്തിനുമുകളിൽ ഒന്നും രണ്ടും നിലകൾ പണിയുന്നതിന് മുന്നുമീറ്റർ ദൂരപരിധി ബാധകമല്ലാതാക്കുകയും ഇതിന് ഉടൻ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഭൂരിഭാഗം പഞ്ചായത്തുകളിലും ഇപ്പോൾ നിലവിലുള്ളത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 220 (ബി) വകുപ്പാണ്. ഈ വകുപ്പനുസരിച്ച് നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ജില്ലാ റോഡുകൾ, അതത് പഞ്ചായത്തുകൾ തീരുമാനിക്കുന്ന പഞ്ചായത്ത് റോഡുകൾ എന്നിവയുടെ അതിർത്തിയിൽനിന്നും മൂന്നു മീറ്റർ വിട്ടുമാത്രമേ കെട്ടിട നിർമ്മാണം നടത്തുവാൻ പറ്റുകയുള്ളൂ. ഇതനുസരിച്ച് റോഡുകൾ തീരുമാനിക്കാനും, അത് പൊതുജനങ്ങളെ അറിയിക്കാനും പഞ്ചായത്തുകളോട് പലതവണ ആവശ്യപ്പെട്ടിരിക്കുന്നു. അത് ചില പഞ്ചായത്തുകൾ ചെയ്യുകയും പല പഞ്ചായത്തുകളും ചെയ്യാതിരിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ പൊതുജനങ്ങൾക്ക് ഈ നിയമവുമായി വലിയ പരിചയമൊന്നുമില്ലാത്തതിനാൽ വളരെയധികം നിർമ്മാണപ്രവർത്തനങ്ങൾ 220 ബി വകുപ്പിന് വിരുദ്ധമായി ഈ മൂന്നു നാലു വർഷങ്ങൾക്കകം നടന്നിട്ടുണ്ട്. മാത്രമല്ല, സർക്കാർ ഇതു സംബന്ധമായ ശരിയായ രൂപരേഖ, ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളൊന്നുംതന്നെ പഞ്ചായത്തുകൾക്ക് നൽകിയിട്ടുമില്ല. അതുകൊണ്ട് ഈ അനധികൃതമായ നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽത്തന്നെ അതു തടയാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തെവിടെയും 220 (ബി) ലംഘിച്ചതിന് കെട്ടിടനിർമ്മാണം നടത്തുന്ന ഏതെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും ആളുകളുടെ പേരിൽ നടപടിയെടുത്തതായി അറിയാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ വളരെ vague ആയിട്ടുള്ള ഒരു നിയമമാണ് 220 ബി സംബന്ധമായി ഇപ്പോൾ നിലനിൽക്കുന്നത്. ഇതു സംബന്ധിച്ച വിവരങ്ങളൊക്കെ ലഭിക്കാത്തതുകൊണ്ട് വളരെയധികം കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല പഞ്ചായത്തുകളിലും നിലവിൽ വന്നുകഴിഞ്ഞു. അത് തടയാനും പൊളിപ്പിക്കാനുമുള്ള ചട്ടങ്ങൾ നിലവിലില്ലാത്തതുകൊണ്ട് പ്രായോഗികമായി പഞ്ചായത്ത് സെക്രട്ടറിമാരും മറ്റും വളരെയധികം ബുദ്ധിമുട്ടുകയാണ്. ഇതിന്റെ ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കിക്കഴിഞ്ഞിട്ടുള്ള ഒരു പഞ്ചായത്ത് പ്രസിഡന്റ് എന്നുള്ള നിലയിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാനിവിടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ബിൽഡിംഗ് റൂൾസ് നിലവിലുള്ള മുനിസിപ്പാലിറ്റിയിൽപോലും ആ ബിൽഡിംഗ് റൂൾസിന് വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് പുതിയ മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതേയവസരത്തിൽ 220 ബി, നിലവിലുള്ള കെട്ടിടങ്ങളുടെ മുകൾഭാഗത്ത് രണ്ടുമൂന്ന് നിലകളുണ്ടാക്കാൻ 3 മീറ്റർ ദൂരപരിധി ഒഴിവാക്കി കൊടുക്കുമ്പോൾ 1994-നു ശേഷം നിർമ്മിച്ച 220 ബി നിയമം പാലിക്കാത്ത കെട്ടിടങ്ങൾക്ക് നമ്പരിട്ടു കൊടുക്കാനുള്ള സൗകര്യം പഞ്ചായത്തുകൾക്കില്ല. അത്തരം കെട്ടിടങ്ങൾക്ക് നമ്പർ കൊടുക്കാത്തതുകൊണ്ട് റേഷൻ കാർഡോ വൈദ്യുതി കണക്ഷനോ ലഭിക്കാതെ ജനങ്ങൾ വളരെയധികം പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത്തരം കെട്ടിടങ്ങൾകൂടി റഗുലറൈസ് ചെയ്താൽ മാത്രമേ ഏപ്രിൽ ഒന്നാം തീയതി മുതൽ സംസ്ഥാനമൊട്ടാകെ നടപ്പാക്കാൻ പോകുന്ന ബിൽഡിംഗ് റൂൾ കർശനമായും വ്യവസ്ഥാപിതമായും പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളു. അതിന് മാർച്ച് മാസം 31-ാം തീയതിയ്ക്കകം പൂർത്തിയാകുന്ന അല്ലെങ്കിൽ ലഭിക്കുന്ന അപേക്ഷകൾ പഞ്ചായത്തുകൾക്കുതന്നെ ക്രമവൽക്കരിക്കാൻ അവസരം കൊടുത്തുകൊണ്ട്, ചെറിയ ഫീസ് ചുമത്തി അതുകൂടി ക്രമവൽക്കരിക്കണം. അങ്ങനെ 220(ബി) ലംഘിച്ചുകൊണ്ട് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾകൂടി ക്രമവൽക്കരിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുത്തു കഴിഞ്ഞാൽ 2000 ഏപ്രിൽ ഒന്നു മുതൽ ഒരു ക്ലീൻ സ്ലേറ്റിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരേ രീതിയിലുള്ള നിയമവുമായി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. രാഘവൻ) മുനിസിപ്പാലിറ്റിയിൽ വലിയ പ്രശ്നമില്ല. മുനിസിപ്പാലിറ്റിയിൽ 220 ബി-ക്കുപകരം 383 വകുപ്പ് ഉണ്ടെങ്കിൽപ്പോലും അവിടെ ബിൽഡിംഗ് റൂൾ നിലവിലുള്ളതുകൊണ്ട് ഇതിന് യാതൊരു പ്രസക്തിയുമില്ല. അതുകൊണ്ടുതന്നെ ബിൽഡിംഗ് റൂൾ സംസ്ഥാന വ്യാപകമായി നടപ്പാക്കുമ്പോൾ 220 ബി-ക്ക് പിന്നെ യാതൊരു പ്രസക്തിയുമില്ലാത്തതുകൊണ്ട് ആ വകുപ്പ് എടുത്തുകളയുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 2000 ഏപ്രിൽ ഒന്നുമുതൽ പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിൽ വരികയാണ്. അതോടൊപ്പം തന്നെ 220 (ബി) ഒഴിവാക്കാൻ വേണ്ട നടപടികൾകൂടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. മറ്റൊരുകാര്യം, പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട് ആരാധനാലയങ്ങളെ സംബന്ധിച്ചുള്ള പ്രശ്നംകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അപാകതകൾ സംസ്ഥാനത്തെ ആരാധനാലയങ്ങളുടെ നിർമ്മാണം ഒരു വലിയ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. "അസംബ്ലി" എന്ന കാറ്റഗറിയിലുൾപ്പെടുത്തിയാണ് ആരാധനാലയങ്ങൾ നിർമ്മിക്കുന്നത്. വലിയ ആഡിറ്റോറിയം, ഹോട്ടൽ, സിനിമാഹാൾ, കല്യാണമ

LIBRARY ARCHIVES Kerala Legislative Assembly

ണ്ഡപങ്ങൾ എന്നിവയും ഈ കാറ്റഗറിയിൽ ഉൾപ്പെടുന്നു. ഇതനുസരിച്ച് കെട്ടിടങ്ങൾക്ക് മുൻവശത്ത് ആറുമീറ്ററും പുറകിലും വശങ്ങളിലും മൂന്നു മീറ്ററും മുറ്റമായി ഒഴിച്ചിടണം. നേരത്തേ ഈ നിയമം നിലവിലുണ്ടായിരുന്നുവെങ്കിലും ആരാധനാലയങ്ങൾക്ക് എക്സംപ്ഷൻ അനുവദിച്ചിരുന്നതിനാൽ ആരാധനാലയങ്ങളുടെ നിർമ്മാണം മുറപോലെ നടന്നിരുന്നു. ഇപ്പോൾ ആ എക്സംപ്ഷൻ എടുത്തുകളഞ്ഞതുകൊണ്ട് ആരാധനാലയങ്ങൾ നിർമ്മിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. പ്രത്യേകിച്ചും മുസ്ലീം പള്ളികൾ, വലിയ ടൗണുകളിൽ ചെറിയ നിസ്കാര പള്ളികൾപോലും ഉണ്ടാക്കണമെങ്കിൽ ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ടും എക്സംപ്ഷനില്ലാത്തതുകൊണ്ടും നിർമ്മിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ്. അതുപോലെതന്നെയാണ് മദ്രസ കെട്ടിടങ്ങളുടെ നിർമ്മാണം. മദ്രസ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അതിന്റെ മുൻഭാഗത്ത്, റോഡ് ഭാഗത്ത് വാടകക്ക് കൊടുക്കാൻ കെട്ടിടങ്ങൾ ഉണ്ടാക്കിക്കൊണ്ട് മദ്രസ പഠനത്തിനാവശ്യമായി വരുന്ന ചെലവുകൾക്ക് ഇതിന്റെ വാടകപ്പണം ഉപയോഗിക്കുന്ന ഒരു സംവിധാനമുണ്ടായിരുന്നു. അതും എക്സംപ്ഷനില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഒന്നുകിൽ മദ്രസ പള്ളിപോലെയുള്ള പൊതുആരാധനാലയങ്ങൾക്കുള്ള കാര്യങ്ങൾക്ക് എക്സംപ്ഷൻ അനുവദിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കോ അല്ലെങ്കിൽ ഗവൺമെന്റിലോ നിക്ഷിപ്തമാകണം. അതല്ലായെങ്കിൽ അതിനുമാത്രമായി ഒരു പ്രത്യേക കാറ്റഗറി, ഈ കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് 220 ബി-യുടെ കാര്യത്തിൽ വളരെ വ്യക്തമായ തീരുമാനം ഉടനടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, പഞ്ചായത്ത്രാജ് ആക്ടിലെ 220 (ബി) വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ച് നടത്തിയിട്ടുള്ള കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യാനുള്ള വ്യവസ്ഥ 1999-ലെ ഭേദഗതി ആക്ടിലെ 235 എ, ബി വകുപ്പുകളിൽ ചേർത്തിട്ടുണ്ട്. 1998 ഡിസംബർ 31 വരെ നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടങ്ങളാണ് ക്രമവൽക്കരിക്കുന്നത്. പ്രസ്തുത കാലാവധി ക്രമവൽക്കരണ ചട്ടങ്ങൾ നിലവിൽവന്ന 1999 ഒക്ടോബർ 15 വരെ നീട്ടാനുള്ള ബിൽ ഈ സഭയുടെ പരിഗണനയിലാണ്. 220 (ബി) വകുപ്പിലെ വ്യവസ്ഥകൾക്ക് സമാനമായ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി ആക്ട് 383 (എ) വകുപ്പിലുമുള്ളതാണ്. പ്രസ്തുത വ്യവസ്ഥ മുനിസിപ്പാലിറ്റി ആക്ടിലുള്ളതുകൊണ്ട് മുനിസിപ്പാലിറ്റികളിൽ കെട്ടിടനിർമ്മാണച്ചട്ടങ്ങൾ നടപ്പാക്കാനുള്ള യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. എന്നാൽ പഞ്ചായത്തുകളിൽ 220 (ബി) വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചു നടത്തിയിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതുസംബന്ധിച്ച് ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള തടസ്സം കണക്കിലെടുത്ത് അത്തരം നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാവുന്ന കാലാവധി നീട്ടുന്നകാര്യം ബിൽ ഈ സഭയിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ നമുക്ക് പരിഗണിക്കാവുന്നതാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ മറ്റു പ്രയാസങ്ങളെ സംബന്ധിച്ച് നേരത്തേസഭയിൽ പറഞ്ഞിട്ടുള്ളതാണ്. വളരെ ചെറിയ കാര്യങ്ങൾ മാത്രമാണ് വിഷമകരമായി ചൂണ്ടിക്കാണിക്കാനുള്ളത്. അതും പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നം, ഗൗരവമായിത്തന്നെ ചർച്ച ചെയ്തുകൊണ്ട് ചട്ടത്തിൽ ഭേദഗതി വരുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, ബഹുമാനപ്പെട്ട മന്ത്രി മുനിസിപ്പാലിറ്റികളിൽ ഈ പ്രശ്നമുണ്ടാകുന്നില്ല എന്നു പറഞ്ഞു. ഞാൻ തന്നെ ഇവിടെ സൂചിപ്പിച്ചതാണ്. മുനിസിപ്പാലിറ്റികളിൽ ഈ പ്രശ്നമുണ്ടാകാതിരിക്കുന്നത് അവിടെ ബിൽഡിംഗ് റൂൾ നിലവിൽ ഉള്ളതുകൊണ്ടാണ്. അവിടെ 383 (എ) വകുപ്പ് ഇല്ലെങ്കിൽപ്പോലും ബിൽഡിംഗ് റൂളുള്ളതുകൊണ്ട് മുന്നുമീറ്റർ വിട്ടിട്ടേ കെട്ടിടം നിർമ്മിക്കുകയുള്ളൂ. അങ്ങനെയുള്ള സാഹചര്യത്തിൽപ്പോലും അവിടെ അത് ക്രമവൽക്കരിക്കാനുള്ള അവസരം കൊടുത്തിരിക്കുകയാണ്. ഇവിടെ പഞ്ചായത്തുകളിൽ 220 (ബി) വകുപ്പു മാത്രമേയുള്ളൂ. ഏപ്രിൽ ഒന്നാം തീയതിമുതൽക്കേ ബിൽഡിംഗ് റൂൾ വരുന്നുള്ളൂ. അതുകൊണ്ടാണ് 220 (ബി) വകുപ്പ് ലംഘിച്ചുകൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഇളവ് അനുവദിക്കണം. അതിന് നമ്പർ കൊടുക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, അതിനെ സംബന്ധിച്ചാണ് ഞാൻ മറുപടി പറഞ്ഞത്. അതിന്റെ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് അത് വീണ്ടും സഭയിൽ വരുന്നുണ്ട്. ആ സമയത്ത് ആവശ്യമായിട്ടുള്ള മാറ്റം നമുക്ക് വരുത്താം.

(2) കള്ള് ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി

[10 AM] ശ്രീ. എൻ.ആർ. ബാലൻ : സർ, കേരള സംസ്ഥാനത്തിലെ മുക്കാൽ ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു പ്രധാനപ്പെട്ട തൊഴിലധിഷ്ഠിത വ്യവസായമായ കള്ളുചെത്തു വ്യവസായം ഇന്ന് നേരിടുന്ന പ്രതിസന്ധിയിലേക്ക് ഈ സഭയുടേയും സർക്കാരിന്റേയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. 1996 ഏപ്രിൽ ഒന്നുമുതൽ കേരളത്തിൽ ചാരായ നിരോധനം നടപ്പിലാക്കിയശേഷം വ്യാജമദ്യ വില്പന, നമ്മുടെ സമൂഹത്തിനും ചെത്ത് വ്യവസായത്തിനും ഒരു ഭീഷണിയായി ഉയർന്നു വന്നിരിക്കുകയാണ്. മദ്യത്തിന്റെ കള്ളക്കടത്ത്, വ്യാജവാറ്റ്, വില്പന എന്നിവക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും കാര്യമായ ഫലമുണ്ടായിട്ടില്ല. ആയിരക്കണക്കിന് ലിറ്റർ മദ്യം കള്ളക്കടത്തായി ഓരോ ദിവസവും കേരളത്തിലേക്കു വന്നുകൊണ്ടിരിക്കുന്നുവെന്നാണ് പോലീസും എക്സൈസും അടുത്ത നാളുകളിലായി പിടിച്ചെടുത്ത കേസ്സുകൾ വ്യക്തമാക്കുന്നത്. ബിവറേജസ് കോർപ്പറേഷന്റെ വില്പനയിൽ വെറും രണ്ടര ശതമാനം വർദ്ധന മാത്രമേയുള്ളൂ എന്നത് വ്യാജമദ്യം ഒഴുകുന്നു എന്നതിന്റെ സൂചനയാണ്. ചാരായ നിരോധനത്തിനുശേഷം സ്ത്രീ തടവുകാരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരികയാണ് എന്നാണ് ജയിൽ അധികൃതർ പറയുന്നത്. ബൈക്കിൽ ചാരായം കടത്തിയ വിദ്യാർത്ഥികളെ ചേർത്തലയിൽ പോലീസ് അറസ്റ്റു ചെയ്ത സംഭവം വിദ്യാർത്ഥികളെപ്പോലും വ്യാജമദ്യ വില്പനക്ക് ഉപയോഗിക്കുന്നു എന്നുള്ളതിന്റെ സൂചനയാണ്. സമ്പൂർണ്ണമദ്യ നിരോധന മുദ്രാവാക്യമുയർത്തി സമരം നടത്തുന്നവർ ഈ വിപത്തിനെ കണ്ടില്ലെന്നു നടിക്കുകയാണ്. വ്യാജവില്പനക്കാരും കള്ളവാറ്റുകാരും മദ്യ നിരോധന വാദികളുടെ പിന്നിലണിനിരക്കുന്നതും നമുക്കു കാണാൻ കഴിയും. ഷാപ്പു കോൺട്രാക്ടർമാർ കള്ളുഷാപ്പുകൾ വഴി ചാരായം വില്ക്കാനും കൃത്രിമക്കള്ള് വില്ക്കാനും ചിലയിടങ്ങളിൽ ശ്രമിക്കുന്നുണ്ട്. വ്യാജ കള്ളു വില്പനക്കെതിരെ സർക്കാർ നടപടിയെടുക്കുമ്പോൾ, കോൺട്രാക്ടർമാർ സംഘടിതമായി ഷാപ്പുകൾ അടച്ചു പൂട്ടി സർക്കാരിനെ വെല്ലുവിളിക്കുന്ന അനുഭവങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

1990-2000	പൾപ്പ്വുഡ്	- 92739 മെ.ടൺ	438 + മറ്റ് നികുതികൾ
	ഈറ്റ	- 84428 മെ.ടൺ	134 + മറ്റ് നികുതികൾ
	മുള	- 2886 മെ.ടൺ	875 + മറ്റ് നികുതികൾ

II. മെ. ഗ്രാസീം ഇൻഡസ്ട്രീസ് മാവൂർ

വർഷം	വനവിഭവങ്ങൾ	വില/മെട്രിക് ടൺ
1996-97	പൾപ്പു വുഡ് + മുള = 150000	പൾപ്പുവുഡ് - 387 + മറ്റ് നികുതികൾ മുള - 396 + മറ്റ് നികുതികൾ
1997-98	പൾപ്പു വുഡ് + മുള = 150000	പൾപ്പ്വുഡ് - 417 + മറ്റ് നികുതികൾ മുള - 406 + മറ്റ് നികുതികൾ
1998-99	പൾപ്പു വുഡ് + മുള = 110000	പൾപ്പു വുഡ് 438 + മറ്റ് നികുതികൾ മുള - 426 + മറ്റ് നികുതികൾ

അനുബന്ധം XI

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 180 (1903)-ാം നമ്പർ ചോദ്യം ദയവായി കാണുക

ഡിവിഷന്റെ പേര്	അനുവദിച്ച തുക				
	1994-95	1995-96	1996-97	1997-98	1998-99
മൂന്നാർ	2.00	0.15	-	-	23.91
കോട്ടയം	1.00	-	-	-	39.01
കോതമംഗലം	1.00	0.15	-	-	17.84
മാങ്കുളം	-	-	-	-	8.58
നോർത്ത് വയനാട്	3.50	3.50	0.50	2.00	19.00
പാലക്കാട്	4.00	3.97	0.75	1.00	18.24
നെന്മാറ	1.50	2.49	0.50	0.50	28.82
മണ്ണാർക്കാട്	0.50	1.04	0.75	2.00	39.91
അച്ചൻകോവിൽ	-	1.25	3.00	1.60	19.34
റാന്നി	-	1.25	2.00	1.40	29.67
വാഴച്ചാൽ	-	-	0.80	-	10.29
തൃശൂർ	-	-	0.20	0.50	18.86
തിരുവനന്തപുരം	-	-	-	1.00	10.62
കണ്ണൂർ	-	-	-	3.50	74.65
കോഴിക്കോട്	-	-	-	-	19.24
സൗത്ത് വയനാട്	-	-	-	-	18.66
കോന്നി	-	-	-	-	30.28
തെന്മല	-	-	-	-	29.30
മലയാറ്റൂർ	-	-	-	-	26.38
ചാലക്കുടി	-	-	-	-	10.60
നിലമ്പൂർ നോർത്ത്	-	-	-	-	8.36
നിലമ്പൂർ സൗത്ത്	-	-	-	-	15.78
തിരുവനന്തപുരം സോ.ഫോ. ഡിവിഷൻ	41.38	54.54	55.68	69.26	112.52
കൊല്ലം	48.35	102.56	85.17	117.34	134.15
പത്തനംതിട്ട	42.40	83.70	76.72	79.14	160.47
ഇടുക്കി	60.84	92.59	73.49	182.38	205.03
കോട്ടയം	22.50	29.29	26.69	22.03	50.82
ആലപ്പുഴ	-	33.56	18.44	27.95	36.55
എറണാകുളം	11.00	27.57	19.41	45.69	128.02
തൃശൂർ	29.00	55.54	44.56	45.76	103.89

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	28.00	51.66	48.42	48.06	88.40
മലപ്പുറം	10.00	24.33	17.36	29.57	36.55
കോഴിക്കോട്	14.00	22.44	20.38	20.71	33.55
വയനാട്	33.50	71.91	60.03	83.25	76.82
കണ്ണൂർ	16.00	29.65	34.62	41.36	51.55
കാസർഗോഡ്	41.50	63.66	62.03	51.35	57.95
(പത്തനംതിട്ട ഡിവിഷണൽ അനുവദിച്ച തുകയിൽ 124.35 ലക്ഷം രൂപ ആലപ്പുഴ ഡിവിഷൻ മുഖേനയാണ്)					

അനുബന്ധം XII

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 88 (1912)-ാം നമ്പർ ചോദ്യം ദയവായി കാണുക

Light Rail Transit system for Thiruvananthapuram City
Meeting at 4 pm on 12.4.1999
List of participants

പാലോട് രവി എം.എൽ.എ.
കെ. രഘുനാഥൻ
എ. നെബീസ ഉമ്മാൾ
എസ്. സുശീലൻ ട്രിഡ
ബി. സാജൻ
ആന്റണി രാജു എം.എൽ.എ.
തമ്പാനൂർ രവി എം.എൽ.എ.
ബി. വിജയകുമാർ
വി. ശിവൻകുട്ടി
ആർ. ആനന്ദം
ഇ. ശ്രീധരൻ
വർക്കല രാധാകൃഷ്ണൻ എം.പി
ലത. സി.എ

അനുബന്ധം XIII

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 97 (1921)-ാം നമ്പർ ചോദ്യം ദയവായി കാണുക

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ടി.ആർ.ബി.1-033144/96

ട്രാൻസ്പോർട്ട് ഭവൻ,
തിരുവനന്തപുരം
തീയതി: 4.3.1997

മെമ്മോറാണ്ടം

വിഷയം:- കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾക്ക് സീറ്റ് 25% സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്-

സൂചിക :- 1. 20.11.1996 ലെ ഇതേ നം. മെമ്മോറാണ്ടം.
2. കേരള വനിതാ കമ്മിഷൻ സെക്രട്ടറിയുടെ 17.2.1997ലെ കത്ത്.

27.9.1996-ൽ ട്രാൻസ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി, വനിതാ യാത്രക്കാർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യുവാൻ വിളിച്ചുകൂട്ടിയ യോഗ തീരുമാനങ്ങൾ അനുസരിച്ച് കെ.എസ്.ആർ.ടി.സി. നിലവിലുണ്ടായിരുന്ന സ്ത്രീകളുടെ സീറ്റ് സംവരണത്തെ സംബന്ധിച്ച ഉത്തരവിൽ മാറ്റം വരു

LIBRARY ARCHIVES Kerala Legislative Assembly